# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1568

**16-03-2015 ൽ മറുപടിയ്ക്ക്**

നെൽകർഷകർക്ക് ആനുകൂല്യങ്ങൾ

**ചോദ്യം**

ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ)

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) നെൽകർഷകർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(എ) നെൽകൃഷി വ്യാപകമാക്കുന്നതിനായി കൃഷി വകുപ്പ് സുസ്ഥിര നെൽകൃഷി വികസനം, വികസന ഏജൻസി കൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും, തരിശ്ശ് നില നെൽകൃഷി വികസനം എന്നീ നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് 2014-15 വർഷ ത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയനു സരിച്ച് 315.07 ലക്ഷം രൂപയുടെ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. നെൽ കർഷകർക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.ആർ.കെ.വി.വൈ പൊക്കാളി നെൽകൃഷി വികസന പദ്ധതിയിൽ 696.5 ഹെക്ടർ പൊക്കാളി നെൽകൃഷി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 69.65 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.ഇതിനും പുറമെ കോൾമേഖല യിലെ കോൾ കർഷകർക്ക് അവരുടെ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനും പ്രാദേശിക അടിസ്ഥാന

| | | | |
|---|---|---|---|
| | | | ത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന തിനമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര കോൾ വികസന ഏജൻസി നിലവിലുണ്ട്. കൂടാതെ ആലപ്പുഴ, എറണാകുളം, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ, എന്നീ ജില്ലകളിൽ നെൽകൃഷി വികസന ഏജൻസികളും പ്രവർത്തിച്ച് വരുന്നു. |
| (ബി) | ഈ വർഷം സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിന് മുൻകൂർ പണം നൽകുമെന്ന വാഗ്ദാനം സർക്കാർ നൽകിയിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) യും (സി) യും | സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിന് മുൻകൂർ പണം നൽകുമെന്ന് വാഗ്ദാനം നൽകിയതായി അറിവില്ല. |
| (സി) | നെൽകർഷകർക്ക് നൽകിയിട്ടുള്ള ഈ വാഗ്ദാനം സർക്കാർ നടപ്പിലാക്കി യിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | | |
| (ഡി) | സംഭരിച്ച നെല്ലിന് കുടിശ്ശിക ഇനത്തിൽ എന്ത് തുക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | ഫെബ്രുവരി 15 ന് മുൻപ് സംഭരിച്ച നെല്ലിന്റെ താങ്ങുവില മുഴുവനായും നൽകിയിട്ടുണ്ട്. ഫെബ്രുവരി 15 ന് ശേഷം സംഭരിച്ച നെല്ല് വിലയായ 98.17 കോടി രൂപയാണ് നെല്ല് കർഷകർക്ക് നൽകുവാനുള്ളത്. |

സെക്ഷൻ ഓഫീസർ